# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.313 — 28.06.2011-ൽ മറുപടിക്ക്.

### കൊട്ടാരക്കര റെയിൽവേ സ്റ്റേഷന്റെ ശോചനീയാവസ്ഥ

| ചോദ്യം | താത്ക്കാലിക മറുപടി | അന്തിമ മറുപടി |
|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി: | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ)കൊട്ടാരക്കര റെയിൽവേ സ്റ്റേഷൻ മഴക്കാലത്ത് ചോർന്നൊലിച്ച് കംപ്യൂട്ടറുകൾ നശിക്കുകയും റിസർവേഷൻ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ തകരാറിലാവുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത റെയിൽവേ സ്റ്റേഷനിൽ സ്ത്രീകൾക്ക് പ്രത്യേകമായി മൂത്രപ്പുരകൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), ആന്റ് (ബി)<br><br>റയിൽവേയിൽ നിന്ന് വിവരം ശേഖരിച്ചു നൽകുന്നതാണ്. | (എ) ആന്റ് (ബി)<br>ഉണ്ട് |
| (സി) പ്രസ്തുത റെയിൽവേ സ്റ്റേഷന്റെ ശോചനീയാ വസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഈ കാര്യം റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്. | മഴക്കാലത്ത് ചോർച്ച ഒഴിവാക്കാനായി സ്റ്റേഷൻ കെട്ടിടത്തിന്റെ മേൽക്കൂരയിൽ ആസ്ബറ്റോസ് ഷീറ്റ് ഇട്ടിട്ടുണ്ട്. കേടായ ടെർമിനലുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. സ്റ്റേഷനിലെ ഉയർന്ന ക്ലാസ്സ് വെയിറ്റിംഗ് ഹാളിൽ സ്ത്രീകൾക്കും പുരുഷൻമാർ ക്കുമായി ഒരു പൊതു ടൊയിലറ്റ് നിലവിലുണ്ട്. കൂടാതെ പുരുഷൻമാർക്കും സ്ത്രീകൾ ക്കുമുള്ള പ്രത്യേക |

| | | |
|---|---|---|
| | | ടൊയിലറ്റുകൾ റെയിൽവേ യുടെ ഗേജ് കൺവെർഷൻ കൺട്രഷൻ വകുപ്പ് മുഖേന പണിതുവരുന്നു. 2.5 കോടി രൂപ കൺട്രക്ഷൻ വകുപ്പിന് അനുവദിക്കുകയും. തിരുവനന്തപുരം റെയിൽവേ കൺട്രക്ഷൻ ഡെപ്യൂട്ടി എൻജിനീയറുടെ മേൽനോട്ടത്തിൽ ടി പണികൾ നടന്നുവരുന്നതുമാകുന്നു |

സെക്ഷൻ ഓഫീസർ